ഐസിഡിഎസ് ബി4/5021/21

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0417-2346508
ഇ-മെയിൽ- icdsbsection@gmail.com
തീയതി : 17.02.2021

# പരിപത്രം

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്-അങ്കണവാടി ജീവനക്കാര്യം—കോവിഡ്-19 സാഹചര്യം- അങ്കണവാടി ഹെൽപ്പർ താൽക്കാലിക നിയമനം- നിർത്തി വയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. 30.04.2018 ലെ സ.ഉ (സാധാ) നം. 254/2018/സനീവ
2. 22.02.2020 ലെ സർക്കാർ പരിപത്രം നം. ബി2/406/2019/സാനീവ നമ്പർ

കോവിഡ് -19 സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 33115 അങ്കണവാടികളിൽ ഗുണഭോക്താക്കൾ എത്തുന്ന സാഹചര്യം ഒഴിവാക്കിയിരിക്കുകയാണ്. ഗുണഭോക്താക്കൾക്ക് നിലവിൽ **റ്റി.എച്ച്.ആർ.എസ്** പോലെയുള്ള സേവനങ്ങൾ അങ്കണവാടി വർക്കർമാർ വീടുകളിൽ എത്തിച്ചു നൽകി വരുന്നു. അങ്കണവാടികൾ പൂർണമായും പ്രവർത്തന സജ്ജമാകും വരെ അങ്കണവാടി ഹെൽപ്പർ താൽക്കാലിക നിയമനങ്ങൾ ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശം അനുസരിച്ചായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു.

1) അങ്കണവാടികളിൽ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രവേശനം അനുവദിക്കും വരെയോ ഐസിഡിഎസ് പ്രവർത്തനങ്ങൾക്ക് മറ്റ് മാർഗ്ഗ നിർദ്ദേശം നൽകു വരേയോ അങ്കണവാടി ഹെൽപ്പർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തേണ്ടതില്ല.
2) അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മൂലമുണ്ടാകുന്ന ഒഴിവുകളിൽ മേൽ സൂചനകളിലെ മാർഗ്ഗ നിർദ്ദേശം പാലിച്ച് സ്ഥിര നിയമനം നടത്താവുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ്.

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ